"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

1963-ലെ ഭൂപരിഷ്കരണ നിയമത്തിന്റെ കീഴിലുള്ള 1970 ലെ കേരള ഭൂപരിഷ്കരണ (കുടിയായ്മ) ചട്ടങ്ങൾ - പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ, ആനക്കര വില്ലേജിൽ, കൊടലിൽ പെരുമ്പലം ദേവസ്വത്തിന് നിലവിൽ ലഭിച്ചുവരുന്ന അന്തിമ വർഷാശനം പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.265/2024/RD തീയതി,തിരുവനന്തപുരം, 28-12-2024

---

പരാമർശം:-

1. ജി.ഒ (എം.എസ്) നമ്പർ. 33/97/റവ തീയതി 22.01.1997
2. ജി.ഒ(പി) 12/2009/റവന്യൂ തീയതി 06.01.2009 (എസ്.ആർ.ഒ.നം.16/2009)
3. കൊടലിൽ പെരുമ്പലം ദേവസ്വത്തിന്റെ ചെയർമാൻ 04/08/2023 തീയതിയിൽ ഫോറം 27ബി യിൽ സമർപ്പിച്ച അപേക്ഷ.
4. ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 08/11/2024 തീയതിയിലെ എൽ.ബി.(ബി10) 1020/2024 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ, ആനക്കര വില്ലേജിൽ, കൊടലിൽ പെരുമ്പലം ദേവസ്വത്തിന് **4,074/-** രൂപ (നാലായിരത്തി എഴുപത്തി നാല് രൂപ മാത്രം) അന്തിമ വർഷാശനമായി അനുവദിച്ചിരുന്നു.

**2. 1963** ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ **66** പ്രകാരം നൽകിവരുന്ന വർഷാശനം **2006** മുതൽ മൂന്ന് മടങ്ങായി വർദ്ധിപ്പിക്കാനും തുടർന്നുള്ള ഓരോ അഞ്ചു വർഷം കൂടുമ്പോഴും **25%** വർദ്ധിപ്പിച്ച് പുതുക്കി നിശ്ചയിക്കാനും പരാമർശം (2) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

**3.** പരാമർശം (2) ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ, ആനക്കര വില്ലേജിൽ, കൊടലിൽ പെരുമ്പലം ദേവസ്വത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അന്തിമ വർഷാശനം മൂന്ന് മടങ്ങ് വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനത്തിന്റെ ചെയർമാൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷ പരിഗണനാർഹമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ, ആനക്കര വില്ലേജിൽ, കൊടലിൽ പെരുമ്പലം ദേവസ്വത്തിന് നിലവിൽ ലഭിച്ചു വരുന്ന അന്തിമ വർഷാശന തുകയായ 4,074/- രൂപ (നാലായിരത്തി എഴുപത്തി നാല് രൂപ മാത്രം) പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്ന് മടങ്ങായി 2006 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് പ്രതിവർഷം 12,222/- രൂപ (പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) നിരക്കിൽ നൽകുന്നതിനും തുടർന്ന് ഓരോ അഞ്ചു വർഷം കൂടുമ്പോഴും (അതായത് 2011, 2016, 2021.....) മൂന്ന് മടങ്ങ് പരിഷ്കരിച്ച വർഷാശനമായ 12,222/-രൂപയുടെ 25% വരുന്ന 3,055.5/- രൂപ (മൂവായിരത്തി അൻപത്തി അഞ്ച് രൂപ അൻപത് പൈസ മാത്രം) വീതം വർദ്ധിപ്പിച്ച് നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. പണം കൈപ്പറ്റുന്നതിന് പ്രസ്തുത സ്ഥാപനത്തിന്റെ ചെയർമാനെ ഇതിനാൽ അധികാരപ്പെടുത്തുന്നു. കൂറ്റനാട് സബ് ട്രഷറിയിൽ നിന്നും പണം കൈപ്പറ്റാവുന്നതാണ്.

5. റവന്യു (ആർ) വകുപ്പിന്റെ 28-12-2024 തീയതിയിലെ 1543/70 -ാം നമ്പരിലുള്ള അന്തിമ വർഷാശനം നൽകൽ ഉത്തരവിന്റെ രണ്ട് പ്രതികൾ കേരള അക്കൗണ്ടന്റ് ജനറലിന് ഇതോടൊപ്പം അയയ്ക്കുന്നു.

6. ഇതിലേക്കുള്ള ചെലവ് 2024-25 ലേക്കുള്ള ബഡ്ജറ്റിലെ "3475-00-201-96 1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം പൊതു സ്വഭാവത്തോടുകൂടിയ മത, ധർമ്മ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു് വർഷം തോറുമുള്ള ധനസഹായം" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

7. തിരിച്ചറിയുന്നതിനായി ഹാജരാക്കുന്ന തെളിവിൻമേൽ സ്ഥാപനത്തിന്റെ ചെയർമാൻ വർഷാശനം നൽകുന്നതിനായി കൂറ്റനാട് സബ് ട്രഷറി ഓഫീസർക്ക് ആവശ്യമായ അധികാരപത്രം കേരള അക്കൗണ്ടന്റ് ജനറൽ നൽകുന്നതാണ്.

8. സ്ഥാപനത്തിന്റെ ചെയർമാൻ തുക കൈപ്പറ്റി ഒരാഴ്ചക്കകം ലാൻഡ് ബോർഡ് സെക്രട്ടറിയെ വിവരം അറിയിക്കേണ്ടതാണ്.

9. സ്ഥാപനത്തിന് 2006 മുതൽ നാളിതുവരെ നൽകിയ അന്തിമ വർഷാശന തുക പുതുക്കിയ വർഷാശനത്തിൽ തട്ടിക്കിഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEDEVI I B

ഡെപ്യൂട്ടി സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), തൃശൂർ
സബ് ട്രഷറി ഓഫീസർ, കൂറ്റനാട്, പാലക്കാട്
ജില്ലാ കളക്ടർ, പാലക്കാട്
സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
ചെയർമാൻ, കൊടലിൽ പെരുമ്പലം ദേവസ്വം, പട്ടാമ്പി താലൂക്ക്, ആനക്കര വില്ലേജ്, പാലക്കാട്.
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Devi P S
Date: 30-12-2024 12:05:20

സെക്ഷൻ ഓഫീസർ